"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ്-ദേശീയപാതയിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതുമായി ബന്ധപെട്ട് റിലയൻസ് ജിയോ ഇൻഫോ കോം സമർപ്പിച്ച പെർഫോർമൻസ് സെക്യൂരിറ്റി തുക റിലീസ് ചെയ്യുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.**978/2025/PWD** തീയതി,തിരുവനന്തപുരം, **01-07-2025**

---

പരാമർശം:- ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ **28.05.2024, 07.03.2025** തീയതികളിലെ **CEPWD/4156/2024-C3(F)-NH** നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ദേശീയപാത ഡിവിഷൻ കൊടുങ്ങല്ലൂർ ഓഫീസിന്റെ പരിധിയിലുള്ള റോഡിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതുമായി ബന്ധപെട്ട് റിലയൻസ് ജിയോ ഇൻഫോ കോം എന്ന കമ്പനി **Restoration Amount (51,35,330) Performance Guarantee (9,71,890)** എന്നിവ ഉൾപ്പെടെ ആകെ **61,07,220/-** രൂപ കൊടുങ്ങല്ലൂർ സബ് ട്രഷറിയിൽ **1054-00-800-97** സെൻട്രൽ റവന്യൂ ശീർഷകത്തിൽ അടച്ചിരുന്നു.പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ(**OFC**) സ്ഥാപിച്ച ഭാഗങ്ങളിൽ കേടുപാടുകൾ സംഭവിച്ചിട്ടില്ല എന്നതിനാൽ കമ്പനി അടച്ച തുകയിൽ പെർഫോർമൻസ് ഗ്യാരന്റി തുകയായ **9,71,890/-** രൂപ റീഫണ്ട് ചെയ്യുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയപാത ഡിവിഷൻ കൊടുങ്ങല്ലൂർ ഓഫീസിന്റെ പരിധിയിലുള്ള റോഡിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് റിലയൻസ് ജിയോ ഇൻഫോ കോം എന്ന കമ്പനി സമർപ്പിച്ചിരുന്ന പെർഫോർമൻസ് ഗ്യാരന്റി തുകയായ 9,71,890/- രൂപ (ഒൻപത് ലക്ഷത്തി എഴുപത്തൊന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ മാത്രം) അടവാക്കിയ ശീർഷകമായ "1054-00-800-97" ത്തിൽ നിന്ന് തന്നെ റീഫണ്ട് ചെയ്യുന്നതിന് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീദേവി ഇ എസ്

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.

എക്സി.എഞ്ചിനീയർ (ദേശീയപാതാ)പൊതുമരാമത്ത് വകുപ്പ്, മൂവാറ്റുപുഴ

ധനകാര്യ വകുപ്പ് (I&PW-B2/73/2025-FIN തീയതി 24.06.2025)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 01-07-2025 15:54:59

സെക്ഷൻ ഓഫീസർ